**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1807** **15-03-2022 - ൽ മറുപടിയ്ക്ക്**

**താൽക്കാലിക ജീവനക്കാരുടെ നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. ജെ. വിനോദ് | | null<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി താൽക്കാലിക ജീവനക്കാരായി കെ.എസ്.ആർ.ടി.സി.യിൽ നിയമിതരായ കണ്ടക്ടർ, ഡ്രൈവർ, മെക്കാനിക്ക്, ജൂനിയർ അസിസ്റ്റന്റ് തസ്തികകളിൽപ്പെടുന്ന എത്ര ആളുകളെ കഴിഞ്ഞ അഞ്ച് വർഷക്കാലയളവിനുള്ളിൽ ജോലിയിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ടെന്ന് തസ്തിക തിരിച്ച് വ്യക്തമാക്കുമോ; | (എ) | എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി താൽക്കാലിക ജീവനക്കാരായി കെ.എസ്.ആർ.ടി.സി.യിൽ നിയമിതരായ 6231 ജീവനക്കാരെ കഴിഞ്ഞ അഞ്ച് വർഷക്കാലയളവിനുള്ളിൽ ജോലിയിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്. തസ്തിക തിരിച്ചുള്ള ലിസ്റ്റ് ചുവടെ ചേർക്കുന്നു. ജൂനിയർ അസിസ്റ്റന്റ് - 352 കണ്ടക്ടർ - 3677 ഡ്രൈവർ - 1685 മെക്കാനിക്ക് - 517 ആകെ - 6231 |
| (ബി) | പത്ത് വർഷത്തിൽ കൂടുതൽ സർവീസുള്ള എം പാനൽ ജീവനക്കാരെ കെ.യു.ആർ.ടി.സി. യിൽ സ്ഥിരപ്പെടുത്തുമെന്നും അതിനുതാഴെ സർവീസുള്ളവരെ കെ സ്വിഫ്റ്റിൽ പുനർ വിന്യസിക്കുമെന്നുമുള്ള സർക്കാർ പ്രഖ്യാപനം നടപ്പാക്കുന്നതിന് നാളിതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ? | (ബി) | കെ.എസ്.ആർ.റ്റി.സി.യിൽ താൽകാലിക മായി സേവനം അനുഷ്ഠിച്ചിരുന്നവരെ സേവനങ്ങളിൽ നിന്നും മാറ്റി നിറുത്തിയത് ബഹു ഹൈക്കോടതി വിധികൾ പ്രകാരമാണ്. നിശ്ചിത യോഗ്യതയുള്ള 10 വർഷം പൂർത്തീകരിച്ചതോ / അതിനുതാഴെ സർവ്വീസ് ഉള്ളതുമായ താൽകാലിക വിഭാഗം ജീവനക്കാരെ തിരികെ പ്രവേശിപ്പിക്കുന്നതിനും സ്ഥിരപ്പെടുത്തുന്നതും സംബന്ധിച്ച് വിവിധ പരിശോധനകൾ നടത്തിയെങ്കിലും വിവിധ കോടതി വ്യവഹാരങ്ങൾ നിലനിൽക്കുന്നതിനാൽ ഇത് സംബന്ധിച്ച് തുടർ നടപടികൾ സ്വീകരിക്കുവാൻ കഴിഞ്ഞിട്ടില്ല. കെ.സ്വിഫ്റ്റ് രൂപീകരണവുമായി ബന്ധപ്പെട്ട് ബഹു. കേരള ഹൈക്കോടതിയിൽ ഫയൽ ചെയ്തിട്ടുള്ള WP(C) 5573/2021, WP(C) 5901/2021, WP(C) 7077/2021, WP(C) 7235/2021, WP(C) 4655/2022, WP(C) 14784/2021, CCC.1227/2021, CCC.1635/2021 നമ്പരിലുള്ള എട്ട് ഹർജികളിൽ കെ.എസ്.ആർ.ടി.സി.യിൽ എംപാനൽ വ്യവസ്ഥയിൽ ജോലി ചെയ്തിരുന്ന താല്ക്കാലിക ജീവനക്കാരെ കെ.സ്വിഫ്റ്റ് കമ്പനിയിൽ പുനരധിവസിപ്പിക്കുന്നതിനെയും ചോദ്യം ചെയ്തിരുന്നു. എംപാനൽ ജീവന ക്കാരെ കെ.സ്വിഫ്റ്റിൽ പുനരധിവസിപ്പിക്കു ന്നത് പിൻവാതിൽ നിയമനമായി കോടതി നിരീക്ഷിക്കുകയും ആയത് തടഞ്ഞുകൊണ്ടുള്ള ബഹു. ഹൈക്കോടതി ഇടക്കാല |

| | | | |
|---|---|---|---|
| | | | ഉത്തരവ് നിലനില്ക്കുന്നുണ്ട്. (order dtd; 09/2/2022 in WP (C) 7077/2021). 09/02/2022-ലെ ഇടക്കാല ഉത്തരവ് പ്രകാരം കെ..സ്വിഫ്റ്റി ലേക്കുള്ള താൽക്കാലിക നിയമനം നടത്തുന്നതിൽ തടസ്സമില്ല. പ്രത്യേക പരിഗണനയും മുൻപുണ്ടായിരുന്ന എംപാനൽ ജീവനക്കാർക്ക് നൽകരുത് എന്ന് കോടതി പ്രത്യേകം നിർദേശിച്ചിട്ടുണ്ട്. ആയതിനാൽ താല്ക്കാലിക ജീവനക്കാർക്ക് കെ.സ്വിഫ്റ്റ് കമ്പനിയിൽ താല്ക്കാലിക നിയമനം നൽകുന്നത് കോടതിയലക്ഷ്യ നടപടികൾക്ക് കാരണമാകുന്നതാണ്. |

സെക്ഷൻ ഓഫീസർ